വഴിയെ നടന്നാൽ പോരാ, വഴിയിൽ പതിഞ്ഞ നമ്മുടെ പാതമുദ്ര മായാതിരിക്കണം. ജനം അത് ഹൃദ്യമായി ഓർക്കണം. ജനങ്ങൾക്ക് ഉപകാരപ്പെടുന്നവൻ സ്മരിക്കപ്പെടുന്നതങ്ങനെ.

ഒരിക്കൽ ഒരു വൃദ്ധ തന്റെ വിറക് വീട്ടിലെത്തിക്കാനാകാതെ പ്രയാസപ്പെട്ടു നിൽക്കുന്നത് പ്രവാചകൻ മുഹമ്മദ് കണ്ടു. അദ്ദേഹം ആ വിറകിൻ കെട്ടെടുത്ത് അവരുടെ വീട്ടിലേക്ക് നടന്നു. സന്തോഷവതിയായ വൃദ്ധ നന്ദിസൂചകമായി അദ്ദേഹത്തോട് പറഞ്ഞു: ''മോനേ, ഇവിടെ മുഹമ്മദ് എന്ന ഒരുത്തൻ വന്നിട്ടുണ്ട്. അവന്റെ അടുത്തേക്ക് മോൻ പോകരുത്. അവൻ വഴി തെറ്റിക്കും.'' ഇതു കേട്ട് പ്രവാചകൻ പറഞ്ഞു: ''ഉമ്മാ, ഞാൻ തന്നെയാണ് ആ മുഹമ്മദ്.''
ആശ്ചര്യപ്പെട്ട ആ സ്ത്രീ പ്രവാചകനിൽ വിശ്വസിച്ചു.

ഖുർആനിലെ ഒരു അദ്ധ്യായത്തിന്റെ പേരാണ് മാഊൻ. പരോപകാര വസ്തുക്കൾ എന്നാണതിനർഥം. പരോപകാരം തടഞ്ഞവൻ ദൈവികവ്യവസ്ഥയെ കളവാക്കിയവൻ എന്നാണ് ഈ അദ്ധ്യായത്തിന്റെ ഉള്ളടക്കം.

ചെറുതും വലുതുമായ പരസ്പരാശ്രിതത്വത്തിലാണ് പ്രപഞ്ച ജീവിതം.

പരോപകാരങ്ങളിലാണ് മനുഷ്യന്റെ സാമൂഹികഭദ്രത. അത് തടഞ്ഞാൽ സാമൂഹികതക്ക് സംതുലിതത്വമില്ലാതാകും.

പരോപകാരം തടയാവതല്ല. മനുഷ്യന്റെ അവകാശമാണത്. അത് ഏകദൈവത്തിന്റെ സംവിധാനം. ദൈവികസംവിധാനം തകർക്കുവാൻ മനുഷ്യർക്കവകാശമില്ല.

പരോപകാരത്തിൽ മൂന്ന് വശമുണ്ട്. ഒന്ന്, ശാരീരികം. രണ്ട്, ആത്മീയം. മൂന്ന്, അവകാശം.

ദാഹിക്കുക, വെള്ളം കുടിക്കുക എന്നിവ ശാരീരികമാണ്. അതിൽ എല്ലാ ജീവികളും തുല്യം. എന്നാൽ വെള്ളം ചോദിച്ചവന് അത് കൊടുക്കുന്നത് ആത്മീയമാണ്. അതിലാണ് നിർവൃതി. അപരന് വെള്ളം കൊടുക്കൽ ധർമമാണെങ്കിലും അത് ദാഹിച്ചവന്റെ അവകാശവുമാണ്. ആ അവകാശം ഏകദൈവം നിക്ഷേപിച്ചിട്ടുള്ളത് മറ്റൊരാളുടെ പക്കലാണെന്നു മാത്രം. അത് നിഷേധിക്കുന്നതിലാണ് ദൈവകോപം.

പരോപകാരം ഔദാര്യമല്ല. അത് ബാധ്യതയും അവകാശവുമാണ്. വെള്ളം പോലുള്ള അവശ്യവസ്തുക്കൾ കെട്ടിപ്പൂട്ടിവെക്കരുത്. പ്രവാചകൻ കൽപിച്ചു.

ജനത്തിന് ഉപകരിക്കുന്നവനാകണം. അവർക്ക് ആശ്വാസം നൽകണം. ഈ പാരസ്പര്യത്തിലാണ് മനുഷ്യസാമൂഹികത നിലനിൽക്കുന്നത്.

പരോപകാരം നിരുപാധികമാകണം. മനുഷ്യ ബന്ധങ്ങളിൽ ഉപാധികൾ ഉചിതമല്ല.

രണ്ട് തരം മനസ്സുകളാണ് അതിലുള്ളത്. ഒന്ന് ചെയ്യുന്നവന്റെ. പുണ്യം കർമ്മം ചെയ്ത സംതൃപ്തി ഉപകാരം ചെയ്തവന് നൽകുന്നു. ഉപകരിക്കപ്പെട്ടവന്റെ മനസ്സിൽ പ്രത്യുപകാരത്തിന്റെയും നന്ദിയുടെയും വികാരം ഉടലെടുക്കുന്നു. സ്നേഹവും സാഹോദര്യവും ഊട്ടിയുറപ്പിക്കാൻ അത് ഏറെ ഉപകരിക്കും.

പരോപകാരം വ്യക്തിയുടെ യശസ്സ് വർദ്ധിപ്പിക്കും.

സാമൂഹിക ഉന്നമനത്തിനായി ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളിലും സഹകരിക്കണം. തന്റെ അധീനത്തിലുള്ളതും എന്നാൽ പൊതുജനോപയോഗം തനിക്ക് പ്രയാസമുണ്ടാക്കാത്തതുമാണെങ്കിൽ ജനത്തെ തടയരുത്.

പരോപകാരം തടയുന്നത് അഹങ്കാരത്തിന്റെ അടയാളം.

കാണിക്കാനായി ജനങ്ങൾക്ക് ഉപകാരം ചെയ്യുന്നവരുണ്ട്. അത് പൊങ്ങച്ചമാണ്. ജനം കണ്ടു എന്ന സംതൃപ്തിയാണ് അവന്റെ പ്രതിഫലം. അതിന് ധാർമികബോധവുമായി ബന്ധമൊന്നുമില്ല.

ഉപകാരം ചെയ്യൽ ജീവിതനിയോഗമായി കൊണ്ടുനടക്കുന്ന ചില ജൈവപ്രക്രിയ ഭൂമിയിൽ കാണാം.

ജനത്തിന് ഉപകരിക്കാത്തവൻ ഫലം കായ്കാത്ത വൃക്ഷം പോലെ. അതിൽ ധാരാളം ശാഖകളും ചില്ലകളും ഇലകളുമുണ്ടാകും. പക്ഷേ, അതുകൊണ്ട് വലിയ പ്രയോജനം ഉണ്ടാകില്ല.

ഓരോരുത്തന്റെയും സാമൂഹികാവസ്ഥക്കനുസരിച്ച് ജനോപകാരം ചെയ്യണം. കൂടുതൽ സ്ഥാനമുള്ളവർ കൂടുതൽ സേവനം ചെയ്യണം. നേതാവ് സമൂഹത്തിന്റെ സേവകനാണ്. അതു കഴിഞ്ഞേ അവൻ നായകനാകുന്നുള്ളൂ.

ജനത്തോട് നല്ലത് പറയുന്നവൻ അവർക്ക് നല്ല കാര്യങ്ങളും ചെയ്യണം. വാക്കും പ്രവൃത്തിയും ഒത്തുവരണം. അല്ലെങ്കിൽ ജീവിതത്തിന് വിലയില്ല.

തങ്ങൾക്ക് ഒരു വിധത്തിലും ഉപകാരപ്പെടാത്തവനെ സമൂഹം പരിഗണിക്കുകയില്ല. അവന്റെ ആവശ്യങ്ങളിൽ അവർ സഹകരിക്കുകയില്ല. സാമൂഹിക അംഗീകാരം ലഭിക്കണമെങ്കിൽ സേവനം തപസ്യയായി കാണണം.

ജനങ്ങൾക്കുള്ള സേവനവും ഉപകാരവും ഒരിക്കലും തടയരുത്. പ്രയാസങ്ങളിൽ നിന്ന് തടയുന്ന ഔഷധമാണ് പരോപകാരം. പരക്ഷേമതൽപരതയും ജനസേവനവുമാണ് ഒരാളുടെ സന്മനസ്സിന്റെ അടയാളം. അത്തരം ആളുകൾക്ക് ദൈവത്തിങ്കൽ വലിയ പ്രതിഫലമിണ്ട്.

പരോപകാരം ആരാധനയാണ്. ആണും പെണ്ണിനുമൊക്കെ അത് തുല്യം.

ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കൽ, പ്രയാസങ്ങൾ ലഘൂകരിച്ചു കൊടുക്കൽ, സമ്പത്തിക ബുദ്ധിമുട്ടുകളിൽ സഹായിക്കൽ തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ പരോപകാരത്തിൽ പെട്ടതാണ്.

പരോപകാരം ദൈവം നിർബന്ധമാക്കിയ ബാധ്യത കൂടിയാണ്.

ആളുകൾക്ക് ഉപകാരപ്പെടുക എന്നതാണ് പരോപകാരത്തിനെ മർമം. അതിനാൽ പ്രവാചകൻ പഠിപ്പിച്ചു: നിങ്ങൾ ജനങ്ങൾക്ക് എളുപ്പമുണ്ടാക്കിക്കൊടുക്കുക. അവർക്ക് പ്രയാസമുണ്ടാക്കരുത്.’’